# കേരള കാർഷിക സർവ്വകലാശാല

## ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര

നം. ഐ.എഫ്./എ3/738/2019 തീയതി.15/01/2020

**ക്വൊട്ടേഷൻ/ലേലപരസ്യം**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിലെ തേക്ക് മരത്തിന്റെ മൂന്ന് കഷ്ണങ്ങൾ 04-02-2020 ന് രാവിലെ 11 മണിക്ക് ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിലെ ഓഫീസിൽ വച്ച് ക്വൊട്ടേഷൻ/ലേലം വഴി വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ക്വൊട്ടേഷൻ/ലേലം വഴി വിൽക്കുവാനുള്ള തേക്കിൻ കഷ്ണങ്ങളുടെ അളവ് വിവരങ്ങൾ ചുവടെ കൊടുത്തിരുക്കുന്നു.

| ക്രമ നമ്പർ | തടിയുടെ പേര് (കഷ്ണങ്ങളാക്കിയത്) | Girth (CM) Middle | Length (CM) | അളവ്($m^3$) |
|---|---|---|---|---|
| 1. | തേക്ക് | 82 | 335 | 0.140 |
| 2. | തേക്ക് | 59 | 674 | 0.147 |
| 3. | തേക്ക് | 70 | 322 | 0.099 |

വ്യവസ്ഥകൾ

1. **ക്വൊട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും പാൻ കാർഡ് കൊണ്ടു വരേണ്ടതാണ്. പാൻ കാർഡ് കൊണ്ടു വരാത്ത പക്ഷം ലേലം/ക്വൊട്ടേഷനിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.**

2. ലേലത്തിൽ/ക്വൊട്ടേഷനിലും പങ്കെടുക്കുന്ന വ്യക്തികൾ അവരുടെ ഫോട്ടോ പതിച്ച നിയമപരമായ തിരിച്ചറിയൽ രേഖകളിലേതെങ്കിലും നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

3. ക്വൊട്ടേഷൻ/ലേലത്തിൽ പങ്കടുക്കുന്നതിന് നിരതദ്രവ്യം 5000/- രൂപ പണമായി ടി ഓഫീസിൽ അടക്കേണ്ടതാണ്. നിരതദ്രവ്യം കെട്ടിവച്ചവരെ മാത്രമേ ക്വൊട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളു.

4. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത കവറിൽ നിശ്ചിത സമയത്തിന് മുൻപായി ക്വൊട്ടേഷൻ ഓഫീസിലെത്തിക്കുകയോ പരസ്യലേലത്തിൽ പങ്കെടുക്കുകയോ ചെയ്യേണ്ടതാണ്.

5. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വൊട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും. പൂരിപ്പിച്ച ക്വൊട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി 04/02/2020 രാവിലെ 10.45 മണി വരെയാണ്.

6. ക്വൊട്ടേഷനുകൾ പ്രൊഫസ്സർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര എന്ന വിലാസത്തിൽ ആയിരിക്കണം സമർപ്പിക്കേണ്ടത്. ക്വൊട്ടേഷൻ അയക്കുന്ന കവറിനു പുറത്ത് ''തേക്കിൻ തടികൾക്കുള്ള ക്വൊട്ടേഷൻ'' എന്ന് എഴുതിയിരിക്കണം.

7. മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂന്ന് കഷ്ണം തടികളുടേയും ആകെ തുകയാണ് ക്വൊട്ടേഷനിൽ കാണിക്കേണ്ടതാണ്.

8. പരസ്യലേലത്തിന് ശേഷം ക്വൊട്ടേഷനുകൾ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും ലേലം/ക്വൊട്ടേഷൻ എന്നിവയിൽ ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല തീരുമാനങ്ങൾക്ക് വിധേയമായി അന്തിമ തീരുമാനം കൈകൊള്ളുന്നതാണ്.

9. **നിയമ പ്രകാരമുള്ള എല്ലാ സർക്കാർ നികുതികളും (സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ) അടയ്ക്കാൻ ലേലം കൊള്ളുന്ന വ്യക്തി ബാധ്യസ്ഥനായിരിക്കും.**

10. ലേല ദിവസം ക്വൊട്ടേഷൻ/ലേലം ഉറപ്പിക്കുകയാണെങ്കിൽ ക്വൊട്ടേഷൻ/ലേലം ഉറപ്പിച്ച് കിട്ടുന്നവർ അപ്പോൾ തന്നെ ലേലത്തുകയുടെ 1/3 ഭാഗം അടച്ച് രശീതി കൈപ്പറ്റേണ്ടതും,

Scanned by CamScanner

ബാക്കിയുള്ള (എല്ലാ നികുതികളും ഉൾപ്പെടെ) മുഴുവൻ തുകയും മൂന്ന് ദിവസത്തിനുള്ളിൽ അടക്കേണ്ടതുമാണ്.

11. നിശ്ചിത സമയത്തിനകം തുകകൾ പൂർണ്ണമായി അടക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം ലേലം അസാധുവാക്കുന്നതിനും അടച്ച തുക സർവ്വകലാശാലക്ക് കണ്ടുകെട്ടുന്നതിനും പുനർലേലം നടത്തുന്നതിനുമുള്ള അധികാരം സർവ്വകലാശാലയുടെ ബന്ധപ്പെട്ട അധികാരിയിൽ നിക്ഷിപ്തമായിരിക്കും.

12. നികുതി ഉൾപ്പെടെയുള്ള മുഴുവൻ ലേല തുകയും ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ അടച്ചതിന് ശേഷം മാത്രമേ തടി കഷ്ണങ്ങൾ കൊണ്ടുപോകുവാൻ അനുവദിക്കുകയുള്ളൂ. ക്വൊട്ടേഷൻ ലഭിച്ചാൽ 15 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും തടികൾ കൊണ്ടു പോകേണ്ടതാണ്.

13. പ്രവർത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണിവരെ മാത്രമേ തടി കൊണ്ടു പോകുവാൻ അനുവദിക്കുകയുള്ളൂ. തടി അംഗീകൃത വഴിയിലൂടെ ഗേറ്റ് പാസ് ഹാജരാക്കി ആയിരിക്കണം കൊണ്ടുപോകേണ്ടത്.

14. തടി കൊണ്ടു പോകേണ്ടത് സർവ്വകലാശാല ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലായിരിക്കണം. തടി കൊണ്ടു പോകുമ്പോൾ ചുറ്റുപാടുമുള്ള സ്ഥാപനജംഗമ വസ്തുക്കൾക്ക് യാതൊരുവിധത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാകാൻ പാടുള്ളതല്ല.

15. ഏതെങ്കിലും വിധത്തിൽ യൂണിവേഴ്സിറ്റിക്ക് നാശ നഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ലേലം/ക്വൊട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ആളിന്റേതായിരിക്കുകയും, ഈ സാഹചര്യത്തിൽ പ്രൊഫസർ & ഹെഡ് നിശ്ചയിക്കുന്ന നഷ്ടപരിഹാരം അടയ്ക്കുവാൻ ലേലം/ക്വൊട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

16. യൂണിവേഴ്സിറ്റിക്ക് നാശനഷ്ടങ്ങൾ ഉണ്ടാക്കാതെ തടി പൂർണ്ണമായി നീക്കം ചെയ്തതിനു ശേഷം ഒരു മാസം കഴിഞ്ഞ് നിരതദ്രവ്യം തിരികെ നൽകുന്നതാണ്. ഇതിന് വേണ്ടി രശീതിനോടൊപ്പം അപേക്ഷ സമർപ്പിക്കണം.

17. ലേലം/ക്വൊട്ടേഷൻ സംബന്ധിച്ചിടത്തോളം ഏതൊരു കാര്യത്തിനും അന്തിമതീരുമാനം കൈകൊള്ളുന്നതിനുള്ള അധികാരം പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ നിക്ഷിപ്തമാണ്.

18. ഏതെങ്കിലും അവിചാരിതമായ കാരണത്താൽ ലേലം/ക്വൊട്ടേഷൻ ദിവസം അവധി ദിവസമായി വരികയാണെങ്കിൽ ലേലം/ക്വൊട്ടേഷൻ അടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തുതന്നെ നടത്തുന്നതാണ്.

19. യാതൊരു കാരണവും കാണിക്കാതെ ഈ ലേലം മാറ്റി വയ്ക്കുന്നതിനോ താൽക്കാലികമായി ഉറപ്പിക്കുന്നതിനോ/റദ്ദാക്കുന്നതിനോ ഉള്ള അധികാരം പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ നിക്ഷിപ്തമായിരിക്കും.

20. ലേലം/ക്വൊട്ടേഷനിൽ വച്ചിട്ടുള്ള തടി കഷ്ണങ്ങൾ പരിശോധിക്കുവാൻ ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയുമായി ബന്ധപ്പെടേണ്ടതാണ്.

21. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തിദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ : 0487 2961457

ഡോ. അനിത എസ്
പ്രൊഫസർ & ഹെഡ്

**Professor & Head,**
Instructional Farm, K.A.U.
Vellanikkara, Thrissur 680 656

പകർപ്പ് : നോട്ടീസ് ബോർഡ്, സെൻട്രൽ നഴ്സറി, വെള്ളാനിക്കര.
എ.ആർ.എസ്. മണ്ണുത്തി.
ആറ്റിക്, മണ്ണുത്തി. കെ.എ.യു. വെബ്സൈറ്റ്.

Scanned by CamScanner